പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2477

13.02.2013-ലെ മറുപടിയ്ക്ക്

**ഭക്ഷ്യ സംസ്കരണ മിഷൻ പദ്ധതി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. പി. സി. വിഷ്ണുനാഥ് | ശ്രീ.പി. കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഭക്ഷ്യ സംസ്കരണ മിഷൻ പദ്ധതി നിലവിൽ വന്നിട്ടുണ്ടോ; വിശദമാക്കുമോ; | (എ) കേന്ദ്ര ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയം നടപ്പിലാക്കിയ ദേശീയ ഭക്ഷ്യ സംസ്ക്കരണമിഷൻെറ ചുവടു പിടിച്ച് 21.01.2012-ലെ ജി.ഒ (ആർ.ടി) 118/2012/ഐ.ഡി ഉത്തരവു പ്രകാരം ബഹു: വ്യവസായ മന്ത്രി അദ്ധ്യക്ഷനായി സംസ്ഥാന ഭക്ഷ്യ സംസ്ക്കരണ മിഷൻ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ എന്തെല്ലാം; | ബി) സംസ്ഥാന ഭക്ഷ്യ സംസ്കരണ മിഷൻെറ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ഇവയാണ്:-<br>1.സംസ്ഥാനത്തു ഭക്ഷ്യ സംസ്ക്കരണ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനും അവയുടെ ആധുനികവൽക്കരണത്തിനും വേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കുക. സംരംഭകന് ഈ ഇനത്തിൽ 50 ലക്ഷം രൂപ വരെ ഗ്രാൻറ് ലഭിക്കുന്നു.<br>2.കോൾഡ് ചെയിൻ സ്ഥാപിക്കുന്നതിനും റീഫർ വെഹിക്കിൾസ് സംവിധാനങ്ങൾ ഒരുക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക. സംരംഭകന് ഈ ഇനത്തിൽ ലഭിക്കാവുന്ന ഗ്രാൻറ് 10 കോടി രൂപവരെയാണ്. |

3. മാനവ വിഭവശേഷി വികസനത്തിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുക.

- ഭക്ഷ്യ സംസ്ക്കരണ മേഖലയുമായി ബന്ധപ്പെട്ട് ഡിഗ്രി, ഡിപ്ലോമാ കോഴ്സുകൾ നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് പരമാവധി 75 ലക്ഷം രൂപവരെ ഗ്രാൻറ് നൽകുന്നു.
- വ്യവസായ സംരംഭകത്വം വികസിപ്പിക്കുന്നതിന് സഹായം നൽകുന്നു.
- ഭക്ഷ്യ സംസ്കരണ പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിന് 15 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു.

4. ഭക്ഷ്യ സംസ്കരണ മേഖലയിലെ പ്രോത്സാഹനങ്ങൾക്കായുള്ള പദ്ധതികൾ.

| | | | |
|---|---|---|---|
| സി) | ഈ പദ്ധതി നടപ്പാക്കുന്നതിൻെറ നോഡൽ ഏജൻസി ആരാണ്; | സി) | ഈ പദ്ധതി നടപ്പാക്കുന്നതിൻെറ നോഡൽ ഏജൻസി കിൻഫ്രയാണ്. |
| ഡി) | ഈ പദ്ധതിക്ക് എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) | കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിൻെറയും ദേശീയ ഭക്ഷ്യ സംസ്ക്കരണ മിഷൻെറയും മാർഗ്ഗ നിർദ്ദേശം അനുസരിച്ച് ഈ പദ്ധതിക്ക് 75% കേന്ദ്ര വിഹിതവും 25% സംസ്ഥാന വിഹിതവും സാമ്പത്തിക സഹായം ലഭിക്കുന്നതാണ്. 2012-13 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിൻെറ വിഹിതമായി 4.7 കോടിരൂപ അനുവദിക്കുകയും ഇതിൽ 3.54 കോടി രൂപ സംസ്ഥാനത്തിന് ലഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാരിൻെറ വിഹിതമായ 4.5 കോടി രൂപയും ലഭിച്ചിട്ടുണ്ട്. ഇതിനു പുറമേ മിഷൻെറ പ്രാരംഭ പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാർ 1.5 കോടി രൂപ അനുവദിക്കുകയും 1.12 കോടി രൂപ ലഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ